# CHAPTER - 4
# മാനവശേഷി രാഷ്ട്രപുരോഗതിക്കായി

1. **ഉൽപാദന ഘടകങ്ങൾ ഏതെല്ലാം? ഇവയ്ക്ക് ലഭിക്കുന്ന പ്രതിഫലങ്ങൾ പട്ടികപ്പെടുത്തുക.**

ഏതൊരു വസ്തുവും ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ ഘടകങ്ങളാണ് ഉൽപാദന ഘടകങ്ങൾ. ഇവയെ സാമ്പത്തിക വിഭവങ്ങൾ എന്നും വിളിക്കുന്നു.

- **ഭൂമി :** പ്രതിഫലം - പാട്ടം .
- **അധ്വാനം :** പ്രതിഫലം - വേതനം .
- **മൂലധനം :** പ്രതിഫലം - പലിശ.
- **സംരംഭകത്വം :** പ്രതിഫലം - ലാഭം .

2. **ബാർട്ടർ സമ്പ്രദായം എന്നാൽ എന്ത്? ഇതിന്റെ പ്രധാന പോരായ്മകൾ എഴുതുക.**

പണം നിലവിലില്ലാതിരുന്ന കാലത്ത് വസ്തുക്കൾക്ക് പകരം വസ്തുക്കൾ കൈമാറ്റം ചെയ്യപ്പെടുന്ന വിനിമയ രീതിയാണ് ബാർട്ടർ സമ്പ്രദായം.

**പോരായ്മകൾ:**

- വസ്തുക്കളുടെ വില നിശ്ചയിക്കുന്നതിനുള്ള പ്രയാസം.
- രണ്ടുപേർക്കും പരസ്പരം ആവശ്യമുള്ള വസ്തുക്കൾ ഒരേസമയം കൈവശം ഉണ്ടാകണമെന്ന നിബന്ധന .
- വിഭജിക്കാൻ കഴിയാത്ത വസ്തുക്കളുടെ വിനിമയത്തിലുള്ള ബുദ്ധിമുട്ട്.
- മൂല്യം സൂക്ഷിച്ചുവെക്കാനുള്ള പ്രയാസം.

### 3. പണത്തിന്റെ പരിണാമ പ്രക്രിയയിലെ വിവിധ ഘട്ടങ്ങൾ വിശദമാക്കുക.

വിനിമയം എളുപ്പമാക്കുന്നതിനായി പണം വിവിധ ഘട്ടങ്ങളിലൂടെ പരിണമിച്ചു:

- **ആദ്യഘട്ടം:** മൃഗങ്ങളുടെ തോൽ, കാർഷിക വിഭവങ്ങൾ, കന്നുകാലികൾ എന്നിവ പണമായി ഉപയോഗിച്ചു.
- **ലോഹപ്പണം:** സ്വർണ്ണം, വെള്ളി തുടങ്ങിയ ലോഹങ്ങളും പിന്നീട് ലോഹ നാണയങ്ങളും പ്രചാരത്തിൽ വന്നു.
- **കടലാസുപണം:** കൂടുതൽ സൗകര്യപ്രദമായതിനാൽ ക്രയവിക്രയങ്ങൾ കടലാസുപണത്തിലേക്ക് മാറി.
- **ആധുനിക പണം:** പ്ലാസ്റ്റിക് കാർഡുകൾ , ഇലക്ട്രോണിക് പണം എന്നിവ ഇന്ന് വ്യാപകമാണ്.

4. **'മാനവവിഭവം' എന്നാൽ എന്ത്? ഉൽപാദന പ്രക്രിയയിൽ ഇതിന്റെ പ്രാധാന്യം വ്യക്തമാക്കുക.**

- ഉൽപാദന പ്രക്രിയയിൽ ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാനശേഷിയുള്ള ജനങ്ങളാണ് മാനവവിഭവം.
- ലഭ്യമായ പ്രകൃതിവിഭവങ്ങളെ മറ്റ് ഉൽപാദന ഘടകങ്ങളുടെ സഹായത്തോടെ ഉല്പന്നങ്ങളാക്കി മാറ്റാൻ മാനവവിഭവത്തിന് കഴിയുന്നു.
- മനുഷ്യന്റെ കായികക്ഷമതയും ബുദ്ധിയും ഉൽപാദനത്തിൽ നിർണ്ണായകമാണ്.
- മറ്റെല്ലാ ഘടകങ്ങളെയും ചലിപ്പിക്കുന്നത് മാനവവിഭവശേഷിയാണ്, അതിനാൽ ഇതിനെ ചലനാത്മക ഘടകം എന്ന് വിളിക്കുന്നു.

5. **ഉൽപാദനക്ഷമത എന്നാൽ എന്ത്? ഇതിനെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏവ?**

ഉല്പന്നങ്ങൾ സൃഷ്ടിച്ചെടുക്കാനുള്ള ഓരോ ഉൽപാദന ഘടകത്തിന്റെയും കഴിവിനെയാണ് ഉൽപാദനക്ഷമത എന്ന് പറയുന്നത്. മാനവവിഭവത്തിന്റെ ഉൽപാദനക്ഷമതയെ താഴെ പറയുന്നവ സ്വാധീനിക്കുന്നു:

- ഉന്നത വിദ്യാഭ്യാസം.
- ഉചിതമായ തൊഴിൽ പരിശീലനം.
- മികച്ച ആരോഗ്യ പരിരക്ഷ.
- ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം.

6. **'തൊഴിൽസേന' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?**

ഇന്ത്യാ ഗവൺമെന്റിന്റെ 2023-ലെ PLFS റിപ്പോർട്ട് പ്രകാരം:

- 15 വയസ്സിനും അതിനു മുകളിലും പ്രായമുള്ളവരായിരിക്കണം.
- തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളവരായിരിക്കണം.
- തൊഴിൽ ചെയ്യാൻ ശാരീരികവും മാനസികവുമായ കഴിവുള്ളവരായിരിക്കണം.
- ഈ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ എണ്ണം കൂടുന്നത് സമ്പദ്ഘടനയുടെ വളർച്ചയെ അനുകൂലമായി സ്വാധീനിക്കുന്നു.

7. **മനുഷ്യമൂലധനം , മനുഷ്യമൂലധന രൂപീകരണം എന്നിവ വിശദമാക്കുക.**

- **മനുഷ്യമൂലധനം:** മാനവവിഭവശേഷിയുടെ സാമ്പത്തിക മൂല്യമാണ് മനുഷ്യമൂലധനം. വിദ്യാഭ്യാസവും പരിശീലനവും ലഭിച്ച ഒരു വ്യക്തി മനുഷ്യമൂലധനമായി മാറുന്നു.
- **മനുഷ്യമൂലധന രൂപീകരണം:** രാജ്യത്തെ മനുഷ്യമൂലധന ശേഖരത്തിലേക്ക് കാലക്രമേണ നടത്തുന്ന കൂട്ടിച്ചേർക്കലുകളെയാണ് മനുഷ്യമൂലധന രൂപീകരണം എന്ന് വിളിക്കുന്നത്. ഇത് വിദ്യാഭ്യാസത്തിലൂടെയും ആരോഗ്യ പരിരക്ഷയിലൂടെയുമാണ് സാധ്യമാകുന്നത്.

8. **മനുഷ്യമൂലധനത്തെ എങ്ങനെയെല്ലാം ശക്തിപ്പെടുത്താം?**

- മെച്ചപ്പെട്ട ആരോഗ്യസൗകര്യങ്ങൾ ഒരുക്കുക
- വിദ്യാഭ്യാസരംഗത്ത് വൻതോതിലുള്ള നിക്ഷേപം സാധ്യമാക്കുക

- നൈപുണി വികസനത്തിന് പ്രാധാന്യം നൽകുക
- തൊഴിലാളിസൗഹൃദ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുക

**9. മനുഷ്യമൂലധന രൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം?**

മനുഷ്യമൂലധന രൂപീകരണത്തെ പ്രധാനമായും അഞ്ച് ഘടകങ്ങൾ സ്വാധീനിക്കുന്നു:
- **വിദ്യാഭ്യാസം**: നൈപുണ്യമുള്ള ജനതയെ സൃഷ്ടിക്കുന്നു.
- **ആരോഗ്യം**: തൊഴിൽ ചെയ്യാനുള്ള ശാരീരിക ക്ഷമത ഉറപ്പാക്കുന്നു.
- **തൊഴിൽ പരിശീലനം**: ജോലിയിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നു.
- **കുടിയേറ്റം**: മെച്ചപ്പെട്ട തൊഴിലവസരങ്ങൾ തേടി ജനങ്ങൾ മാറുന്നത് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നു.
- **വിവരലഭ്യത**: വിപണിയെക്കുറിച്ചും തൊഴിലിനെക്കുറിച്ചുമുള്ള അറിവ് നൽകുന്നു.

**10. വിദ്യാഭ്യാസത്തിലൂടെ ഒരു വ്യക്തിയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എങ്ങനെയെല്ലാം രാജ്യത്തിന് നേട്ടമാകുന്നു?**

- ആധുനിക സാങ്കേതികവിദ്യ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയുന്നു.
- മെച്ചപ്പെട്ട തൊഴിലും ഉയർന്ന വരുമാനവും നേടാൻ സഹായിക്കുന്നു.
- ഉയർന്ന ജീവിതനിലവാരവും മൂല്യബോധവുമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നു.
- വിദ്യാഭ്യാസമുള്ള ജനത രാജ്യത്തിന്റെ വലിയൊരു ആസ്തിയായി മാറുന്നു.

**11. 'വിജ്ഞാനസമ്പദ്വ്യവസ്ഥ' എന്നാൽ എന്ത്?**

- ബൗദ്ധികശേഷിയും വിവരസാങ്കേതികവിദ്യയും സമന്വയിപ്പിച്ചുകൊണ്ട് പരമാവധി സാമ്പത്തിക വളർച്ച കൈവരിക്കുന്ന രീതിയാണിത്.
- ബുദ്ധിയും സാങ്കേതിക ആശയങ്ങളുമാണ് ഇതിലെ പ്രധാന മൂലധനം.
- ബൗദ്ധിക ഉല്പന്നങ്ങളുടെ ക്രയവിക്രയമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.
- സോഫ്റ്റ്‌വെയർ വിദഗ്ദ്ധർ, ഗവേഷകർ, നയരൂപീകരണ വിദഗ്ദ്ധർ എന്നിവർ ഈ മേഖലയിലെ പ്രധാനികളാണ്.

**12. ഒരു രാജ്യത്തിന്റെ പുരോഗതിയിൽ ആരോഗ്യത്തിനുള്ള പങ്ക് വ്യക്തമാക്കുക.**

- ആരോഗ്യമുള്ള വ്യക്തിക്ക് മാത്രമേ ദീർഘനേരം അധ്വാനിക്കാൻ കഴിയൂ.
- രോഗങ്ങൾ കുറയുന്നത് ചികിത്സാച്ചെലവ് കുറയ്ക്കുകയും ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.
- മാനസികവും ശാരീരികവുമായ ക്ഷമതയുള്ള ജനത രാജ്യത്തിന്റെ ഉൽപാദനക്ഷമത കൂട്ടുന്നു.
- അതുകൊണ്ടാണ് മെച്ചപ്പെട്ട ആരോഗ്യ സൗകര്യങ്ങൾ ഒരുക്കുന്നത് മനുഷ്യമൂലധന രൂപീകരണത്തിന്റെ ഭാഗമാകുന്നത്.

13. **മാനവവിഭവത്തിന്റെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ആരോഗ്യ പരിപാലനമാർഗങ്ങൾ എന്തെല്ലാം? നിങ്ങളുടെ നിർദ്ദേശങ്ങൾ എഴുതിച്ചേർക്കുക.**

- രോഗപ്രതിരോധസംവിധാനങ്ങൾ കാര്യക്ഷമമാക്കുക
- ശുചിത്വപരിപാലനത്തിന് പ്രാധാന്യം നൽകുക
- മതിയായ പോഷകാഹാരലഭ്യത ഉറപ്പാക്കുക
- മെച്ചപ്പെട്ട ചികിത്സാസൗകര്യം ലഭ്യമാക്കുക
- വിനോദവും വിശ്രമവും ഉറപ്പുവരുത്തുക

14. **ജനസംഖ്യാ പിരമിഡ് എന്നാൽ എന്ത്? ഇതിൽ നിന്ന് എന്ത് വിവരങ്ങളാണ് ലഭിക്കുന്നത്?**

- ഒരു രാജ്യത്തെ ജനസംഖ്യയുടെ പ്രായം, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഗ്രാഫിക്കൽ ചിത്രീകരണമാണ് ജനസംഖ്യാ പിരമിഡ്.
- വിവിധ പ്രായവിഭാഗത്തിലുള്ള സ്ത്രീകളുടെയും പുരുഷന്മാരുടെയും എണ്ണം അറിയാൻ കഴിയുന്നു.
- ആശ്രിത ജനസംഖ്യയെയും തൊഴിൽസേനയെയും തിരിച്ചറിയാം.
- രാജ്യത്തെ ജനസംഖ്യാ ഘടനയും അതിന്റെ ഗുണമേന്മയും മനസ്സിലാക്കാൻ സഹായിക്കുന്നു.

15. **നൈപുണി വികസനം എന്നാൽ എന്ത്? ഇതിന്റെ ആവശ്യകത എന്ത്?**

- ഓരോ വ്യക്തിക്കും ഒരു പ്രത്യേക തൊഴിൽ ചെയ്യുന്നതിന് ആവശ്യമായ വൈദഗ്ധ്യം നൽകുന്നതിനെയാണ് നൈപുണി വികസനം എന്ന് പറയുന്നത്.
- യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കാൻ ഇത് സഹായിക്കുന്നു.
- ആധുനിക വ്യവസായങ്ങൾക്ക് അനുയോജ്യമായ രീതിയിൽ തൊഴിലാളികളെ മാറ്റുന്നു.
- തൊഴിലാളികളുടെ ആത്മവിശ്വാസവും വരുമാനവും വർദ്ധിപ്പിക്കുന്നു.

16. **കുടിയേറ്റം മനുഷ്യമൂലധന രൂപീകരണത്തെ എങ്ങനെ സഹായിക്കുന്നു?**

- മികച്ച ശമ്പളമോ ജീവിതസാഹചര്യമോ തേടി ആളുകൾ ഒരു സ്ഥലത്തുനിന്ന് മറ്റൊരു സ്ഥലത്തേക്ക് മാറുന്നതാണ് കുടിയേറ്റം.
- തങ്ങളുടെ കഴിവുകൾക്ക് അനുയോജ്യമായ തൊഴിലിടങ്ങൾ കണ്ടെത്താൻ ഇത് സഹായിക്കുന്നു.
- പുതിയ സാങ്കേതികവിദ്യകളും അറിവുകളും കൈമാറ്റം ചെയ്യപ്പെടുന്നു.
- ഇത് വ്യക്തിയുടെയും രാജ്യത്തിന്റെയും വരുമാനം വർദ്ധിപ്പിക്കുന്നു.

17. **ഇന്ത്യയിലെ വിജ്ഞാനസമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുന്ന സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങൾ എഴുതുക.**

- കേരളത്തിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും വിജ്ഞാനസമ്പദ്വ്യവസ്ഥയുടെ വളർച്ചയ്ക്കായി നിരവധി സ്ഥാപനങ്ങളുണ്ട്.
- ടെക്നോ പാർക്ക് (തിരുവനന്തപുരം).
- ഇൻഫോപാർക്ക് (കൊച്ചി).
- ഐ.ടി. പാർക്കുകൾ, ഗവേഷണ കേന്ദ്രങ്ങൾ, ഐ.എസ്.ആർ.ഒ പോലുള്ള ശാസ്ത്ര സ്ഥാപനങ്ങൾ.

**18. "ദാരിദ്ര്യം മനുഷ്യമൂലധന രൂപീകരണം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്." - ഈ പ്രസ്താവനയെ സാധൂകരിക്കുക.**

- അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ പോലും നിറവേറ്റാൻ കഴിയാത്ത അവസ്ഥയാണ് ദാരിദ്ര്യം.
- കുറഞ്ഞ വരുമാനം കാരണം ആളുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം എന്നിവ നേടിയെടുക്കാൻ കഴിയാതെ വരുന്നു.
- വിദ്യാഭ്യാസത്തിന്റെയും ആരോഗ്യത്തിന്റെയും അഭാവം മനുഷ്യരെ ഉൽപ്പാദനക്ഷമതയുള്ള വിഭവശേഷിയായി മാറ്റുന്നതിന് തടസ്സമാകുന്നു.
- ദാരിദ്ര്യത്തിന്റെ കാരണങ്ങളും അനന്തരഫലങ്ങളും ഒരു വലയം പോലെ പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നതിനാൽ, ഇത് ഭേദിച്ചാൽ മാത്രമേ മാനവവിഭവശേഷി മെച്ചപ്പെടുത്താൻ സാധിക്കൂ.

**19. വിവിധതരം തൊഴിലില്ലായ്മകളെക്കുറിച്ച് വിശദീകരിക്കുക.**

തൊഴിലില്ലായ്മ പ്രധാനമായും താഴെ പറയുന്ന തരത്തിലുണ്ട്:

- **<u>പ്രകടമായ തൊഴിലില്ലായ്മ</u>** : ജോലി ചെയ്യാൻ സന്നദ്ധരായിട്ടും ഒട്ടും തൊഴിലവസരങ്ങൾ ലഭിക്കാത്ത അവസ്ഥയാണിത്.
- **<u>ഘടനാപരമായ തൊഴിലില്ലായ്മ</u>** : നൂതന സാങ്കേതികവിദ്യയുടെ പ്രയോഗം മൂലമോ ഉൽപ്പാദന രീതിയിലെ മാറ്റങ്ങൾ മൂലമോ തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥയാണിത്.
- **<u>കാലികമായ തൊഴിലില്ലായ്മ :</u>** വർഷത്തിൽ ഒരു പ്രത്യേക കാലത്ത് മാത്രം തൊഴിൽ ലഭിക്കുകയും ബാക്കി സമയങ്ങളിൽ തൊഴിലില്ലാതാവുകയും ചെയ്യുന്ന അവസ്ഥയാണിത്.
- **<u>പ്രച്ഛന്ന തൊഴിലില്ലായ്മ</u> :** ഉൽപ്പാദന പ്രവർത്തനത്തിൽ ആവശ്യത്തിലധികം തൊഴിലാളികൾ ഏർപ്പെടുന്ന അവസ്ഥയാണിത്. ഇവിടെ ചിലരെ മാറ്റിയാലും ആകെ ഉൽപ്പാദനത്തിൽ കുറവുണ്ടാകില്ല.

**20. തൊഴിലില്ലായ്മ എങ്ങനെയാണ് ഒരു രാജ്യത്തിന്റെ വികസനത്തെ പിന്നോട്ടടിക്കുന്നത്?**

- നിലവിലുള്ള വേതന നിരക്കിൽ ജോലി ചെയ്യാൻ തയ്യാറുള്ള ആരോഗ്യവും കഴിവുമുള്ള വ്യക്തിക്ക് ജോലി ലഭിക്കാത്തത് മനുഷ്യവിഭവശേഷിയുടെ നഷ്ടമാണ്.
- വിദ്യാഭ്യാസത്തിനും നൈപുണ്യത്തിനും യോജിച്ച തൊഴിലവസരങ്ങൾ ലഭിക്കാത്തത് മനുഷ്യമൂലധന രൂപീകരണത്തിന് വലിയ തടസ്സം സൃഷ്ടിക്കുന്നു.

- മനുഷ്യവിഭവശേഷിയെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയാത്തത് രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയെ മന്ദഗതിയിലാക്കുന്നു.
- തൊഴിലില്ലായ്മ ദാരിദ്ര്യത്തിലേക്ക് നയിക്കുകയും അത് വീണ്ടും മാനവവിഭവശേഷി വികസനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു.

**21. ദാരിദ്ര്യനിർമ്മാർജ്ജനത്തിൽ കേരളം മാതൃകയാകുന്നത് എങ്ങനെ?**

- ജനങ്ങളെ ദാരിദ്ര്യത്തിന്റെ പിടിയിൽ നിന്ന് മുക്തരാക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിവിധ പദ്ധതികളും നയങ്ങളും ആവിഷ്കരിക്കുന്നു.
- മതിയായ വിദ്യാഭ്യാസവും ആരോഗ്യസുരക്ഷയും ഉറപ്പാക്കുന്നതിലൂടെ ദാരിദ്ര്യത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ സാധിക്കും.
- ഇത്തരം ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികളും വിദ്യാഭ്യാസ-ആരോഗ്യ നയങ്ങളും മാതൃകാപരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം.
- മാനവവിഭവശേഷി മെച്ചപ്പെടുത്തുന്നതിലൂടെ മാത്രമേ ദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കാൻ കഴിയൂ എന്ന് കേരളത്തിന്റെ അനുഭവം തെളിയിക്കുന്നു.

OXFORD